# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2252 | 09.03.2018-ന് മറുപടിയ്ക്ക്

## സംവരണത്തിനുള്ള മേൽത്തട്ട് പരിധി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. പാറക്കൽ അബ്ദുല്ല :** | | **ശ്രീ. എ. കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ). കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ മേൽത്തട്ട് പരിധികൾ വ്യത്യസ്തമായി നിൽക്കുന്നത് പിന്നോക്ക വിഭാഗ വിദ്യാർത്ഥികൾക്ക് സൃഷ്ടിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(ബി). കേന്ദ്രത്തിലേക്ക് സംവരണത്തിന് അർഹരായ കുട്ടികൾ സംസ്ഥാനത്തെ സംവരണത്തിൽ നിന്നും പുറത്താകുന്ന സാഹചര്യം പരിശോധിക്കുകയുണ്ടായോ ;<br>(സി). എങ്കിൽ കേന്ദ്രസർക്കാർ സ്ഥാപനങ്ങളിലേക്ക് നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകുമ്പോൾ എട്ട് ലക്ഷം രൂപ പരിധിയുടെ അടിസ്ഥാനത്തിൽ നൽകണമെന്ന സർക്കുലറോ ഉത്തരവോ സർക്കാർ ഇതിനകം റവന്യൂ അധികൃതർക്ക് നൽകിയിട്ടുണ്ടോ ; | (എ) യും (ബി) യും (സി) യും | കേന്ദ്ര സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും കേന്ദ്ര ക്വാട്ട സീറ്റുകളിലെയും പ്രവേശനത്തിനായുള്ള ക്രീമിലെയർ വരുമാന സർട്ടിഫിക്കറ്റിന് കേന്ദ്ര സർക്കാർ ഉത്തരവ് പ്രകാരമുള്ള 8 ലക്ഷം രൂപ വരുമാന പരിധി പരിഗണിച്ച് സാക്ഷ്യപത്രം അനുവദിക്കുവാൻ, പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ ബന്ധപ്പെട്ട റവന്യൂ അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) നീറ്റ്, എയിംസ്, ഐ.ഐ.ടി അടക്കമുള്ള പ്രവേശനപരീക്ഷകൾക്ക് അപേക്ഷിക്കുന്നതിന് എട്ട് ലക്ഷം രൂപയാണ് മേൽത്തട്ട് പരിധി എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ഇ) എങ്കിൽ സംസ്ഥാനത്തെ മെഡിക്കൽ പ്രവേശനം നീറ്റ് പരീക്ഷ അടിസ്ഥാനമാക്കിയാണെങ്കിലും മേൽത്തട്ട് പരിധി ആറ് ലക്ഷം രൂപയായി തുടരുകയാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ? | (ഡി) യും (ഇ) യും | കേന്ദ്ര വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനുള്ള ക്രീമിലെയർ വരുമാന പരിധി കേന്ദ്രസർക്കാർ ഉത്തരവ് പ്രകാരമുള്ള 8 ലക്ഷം രൂപയായാണ് കണക്കാക്കുന്നത്. എന്നാൽ സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിലേക്കുള്ള ക്രീമിലെയർ വരുമാന പരിധി നിലവിൽ 6 ലക്ഷം രൂപയായി തുടരുകയാണ്. പ്രസ്തുത നിരക്കിൽ മാറ്റം വരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ